**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3583** **12-03-2025 - ൽ മറുപടിയ്ക്ക്**

**യു.ജി.സി. ശമ്പള പരിഷ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അനൂപ് ജേക്കബ്** | | **ഡോ. ആർ. ബിന്ദു**<br>**(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | ഉന്നത വിദ്യാഭ്യാസ വകുപ്പിലെ കോളേജ് അദ്ധ്യാപകർക്ക് യു.ജി.സി. ഏഴാം ശമ്പള പരിഷ്കരണം നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിൽ നിന്ന് എത്ര രൂപയുടെ സാമ്പത്തികസഹായം അനുവദിച്ചിട്ടുണ്ട്; പ്രസ്തുത കേന്ദ്രസഹായം എന്നാണ് ലഭിച്ചത്; വ്യക്തമാക്കുമോ; | (എ) | **ഉന്നത വിദ്യാഭ്യാസ വകുപ്പിലെ കോളേജ് അദ്ധ്യാപകർക്ക് യു.ജി.സി. ഏഴാം ശമ്പള പരിഷ്കരണം നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ സാമ്പത്തിക സഹായം അനുവദിച്ചിട്ടില്ല.** |
| (ബി) | കേന്ദ്ര സഹായം ലഭ്യമാക്കുന്ന കാര്യത്തിൽ സംസ്ഥാനം വീഴ്ച വരുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ 2022 വരെ ലഭ്യമായിരുന്ന കേന്ദ്ര സഹായം ലഭിക്കാത്തതിന്റെ കാരണങ്ങൾ വ്യക്തമാക്കാമോ; എത്ര തുകയുടെ കേന്ദ്ര സഹായമാണ് ലഭിക്കാതിരുന്നത് എന്നറിയിക്കുമോ; വ്യക്തമാക്കുമോ; | (ബി) | യു.ജി.സി യുടെ 7th ശമ്പള പരിഷ്കരണം പ്രകാരം കുടിശ്ശികയുടെ 50% പ്രതിപൂരണത്തിനുള്ള കേന്ദ്ര വിഹിതം ലഭിക്കുന്നതിനുള്ള പ്രൊപ്പോസൽ കേരള സർക്കാർ സമയപരിധിയ്ക്കുള്ളിൽ സമർപ്പിച്ചിരുന്നു. ഏഴാം യു.ജി.സി ശമ്പള പരിഷ്കരണം പ്രകാരം കോളേജ് അദ്ധ്യാപകർക്ക് നൽകേണ്ടതായ കുടിശ്ശിക ആകെ 15,01,86,61,176/- രൂപയാണ്. അതിനാൽ കേന്ദ്ര വിഹിതമായ 750,93,30,588/- രൂപ സംസ്ഥാനത്തിന് ഇതുവരെ ലഭിച്ചിട്ടില്ല. കേന്ദ്ര സഹായം നഷ്ടമായതിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നും വീഴ്ചയുള്ളതായി കണ്ടെത്തിയിട്ടില്ല. |
| (സി) | കോടിക്കണക്കിന് രൂപയുടെ കേന്ദ്ര സഹായം നഷ്ടമാകാൻ കാരണമായ ഉദ്യോഗസ്ഥരുടെ വിവരങ്ങൾ നൽകാമോ; ഈ വിഷയത്തിലെ ഗുരുതരമായ വീഴ്ച കണ്ടെത്തി ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ ഉത്തരവാദിത്തം ചുമത്തിയിട്ടുണ്ടോ; പ്രസ്തുത ഉദ്യോഗസ്ഥർക്കെതിരെ നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ ; വ്യക്തമാക്കുമോ; | (സി) | യു.ജി.സി യുടെ 7th ശമ്പള പരിഷ്കരണം പ്രകാരം കുടിശ്ശികയുടെ 50% പ്രതിപൂരണത്തിനുള്ള കേന്ദ്ര വിഹിതം ലഭിക്കുന്നതിനുള്ള പ്രൊപ്പോസൽ കേരള സർക്കാർ സമയപരിധിയ്ക്കുള്ളിൽ സമർപ്പിച്ചിരുന്നു. ഏഴാം യു.ജി.സി ശമ്പള പരിഷ്കരണം പ്രകാരം കോളേജ് അദ്ധ്യാപകർക്ക് നൽകേണ്ടതായ കുടിശ്ശിക ആകെ 15,01,86,61,176/- രൂപയാണ്. അതിനാൽ കേന്ദ്ര വിഹിതമായ 750,93,30,588/- രൂപ സംസ്ഥാനത്തിന് ഇതുവരെ ലഭിച്ചിട്ടില്ല. കേന്ദ്ര സഹായം നഷ്ടമായതിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നും വീഴ്ചയുള്ളതായി കണ്ടെത്തിയിട്ടില്ല. |
| (ഡി) | യു.ജി.സി. ഏഴാം ശമ്പള പരിഷ്കരണത്തെ തുടർന്ന് ജനവരി 2016 മുതൽ മാർച്ച് 2019 വരെയുള്ള | (ഡി) | യു.ജി.സി ഏഴാം ശമ്പള പരിഷ്കരണം നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് കേന്ദ്ര |

| | | | |
|---|---|---|---|
| | ശമ്പളകുടിശ്ശിക കോളേജ് അദ്ധ്യാപകരുടെ പി.എഫിൽ ലയിപ്പിക്കുമെന്ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടും ശമ്പള പരിഷ്കരണം നടപ്പിലാക്കിയതിന് ശേഷവും പ്രസ്തുത കുടിശ്ശിക അനുവദിയ്ക്കാത്തത് എന്തുകൊണ്ടാണെന്ന് അറിയിക്കാമോ; ഈ കാലയളവിലെ കുടിശ്ശിക ജീവനക്കാരുടെ പി.എഫ്.ലേക്ക് ലയിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | | സർക്കാരിന്റെ വിഹിതം ലഭ്യമാകാത്തതിനാലാണ് കുടിശ്ശിക തുക അനുവദിക്കാൻ സാധിക്കാത്തത്. കുടിശ്ശിക തുക അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സർവ്വീസ് സംഘടനകൾ നിവേദനം സമർപ്പിച്ചിട്ടുണ്ട്. കൂടാതെ ഇതുമായി ബന്ധപ്പെട്ട് കോടതി കേസുകളും നിലവിലുണ്ട്. |
| (ഇ) | കുടിശ്ശിക തുക അനുവദിയ്ക്കുന്ന കാര്യത്തിൽ സർക്കാർ നിലപാട് വ്യക്തമാക്കുമോ; കുടിശ്ശിക തുക അനുവദിയ്ക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഏതെങ്കിലും സർവീസ് സംഘടനകൾ നിവേദനം സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ നിവേദനവുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; ഇതുമായി ബന്ധപ്പെട്ട് കോടതി കേസുകൾ നിലവിലുണ്ടോ; വ്യക്തമാക്കുമോ; | (ഇ) | യു.ജി.സി ഏഴാം ശമ്പള പരിഷ്കരണം നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിന്റെ വിഹിതം ലഭ്യമാകാത്തതിനാലാണ് കുടിശ്ശിക തുക അനുവദിക്കാൻ സാധിക്കാത്തത്. കുടിശ്ശിക തുക അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സർവ്വീസ് സംഘടനകൾ നിവേദനം സമർപ്പിച്ചിട്ടുണ്ട്. കൂടാതെ ഇതുമായി ബന്ധപ്പെട്ട് കോടതി കേസുകളും നിലവിലുണ്ട്. |
| (എഫ്) | എല്ലാ നടപടിക്രമങ്ങളും പൂർത്തികരിച്ച് ഈ സർക്കാരിന്റെ കാലയളവിൽ തന്നെ കുടിശ്ശിക അനുവദിയ്ക്കാൻ സാധിക്കുമോ; നഷ്ടപ്പെട്ട കേന്ദ്ര സഹായത്തിനുപകരം ഏത് ബദൽ സംവിധാനം ഉപയോഗിച്ചാണ് കുടിശ്ശിക തീർക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (എഫ്) | യു.ജി.സി ഏഴാം ശമ്പള പരിഷ്കരണം നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിന്റെ വിഹിതം ലഭ്യമാകാത്തതിനാലാണ് കുടിശ്ശിക തുക അനുവദിക്കാൻ സാധിക്കാത്തത്. കുടിശ്ശിക തുക അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സർവ്വീസ് സംഘടനകൾ നിവേദനം സമർപ്പിച്ചിട്ടുണ്ട്. കൂടാതെ ഇതുമായി ബന്ധപ്പെട്ട് കോടതി കേസുകളും നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ